പതിമൂന്നാം കേരള നിയമസഭ

2-ാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ. 5867 28-10-2011-ന് മറുപടി നൽകേണ്ടത്.

**' സിവിൽ സർവ്വീസിലെ അഴിമതി അവസാനിപ്പിക്കാൻ നടപടി '**

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. എം. ഹംസ | ശ്രീ. ഉമ്മൻചാണ്ടി<br>(മുഖ്യമന്ത്രി) |

| ചോദ്യം | ഉത്തരം |
|---|---|
| (എ). സിവിൽ സർവ്വീസിലെ അഴിമതി അവസാനിപ്പിക്കാൻ എന്തെല്ലാം നടപടികൾ സ്വീകരിച്ചു;<br><br>(ബി). പ്രസ്തുത നടപടികൾ പര്യാപ്തമാണെന്ന് കരുതുന്നുണ്ടോ ; എങ്കിൽ സിവിൽ സർവ്വീസിലെ അഴിമതി അവസാനിപ്പിക്കുന്നതിനും സിവിൽ സർവ്വീസ് കാര്യക്ഷമമാക്കുന്നതിനുമായി സ്വീകരിക്കുവാൻ ഉദ്ദേശിക്കുന്ന നടപടികൾ വ്യക്തമാക്കാമോ ; | (എ) യും (ബി) യും<br>സിവിൽ സർവ്വീസ് അഴിമതി വിമുക്തവും കാര്യക്ഷമവുമാക്കുന്നതിന്റെ ഭാഗമായാണ് സേവനാവകാശ നിയമം നടപ്പിലാക്കാനുദ്ദേശിക്കുന്നത്. സർക്കാർ പുറപ്പെടുവിക്കുന്ന എല്ലാ ഉത്തരവുകളും അതേ ദിവസം വെബ്സൈറ്റിൽ പ്രസിദ്ധീകരിക്കുക, എല്ലാ സർക്കാർ ടെന്ററുകളുടെയും പ്രൈസ്ബിഡ് റിസൾട്ട് ബിഡ് തുറക്കുന്ന അതേദിവസം വെബ്സൈറ്റിൽ പ്രസിദ്ധീകരിക്കുക, എല്ലാ സർക്കാർ കരാറുകളും എഗ്രിമെന്റുകളും ഒപ്പിട്ട അതേ ദിവസം വെബ്സൈറ്റിൽ പ്രസിദ്ധീകരിക്കുക എന്നിവ പ്രാവർത്തികമാക്കിയിട്ടുണ്ട്. |
| (സി). എല്ലാ സർക്കാർ വകുപ്പുകളിലും വിജിലൻസ് വിഭാഗം രൂപീകരിച്ച് പ്രവർത്തനം ഊർജ്ജിതമാക്കുവാൻ നടപടി സ്വീകരിക്കുമോ; വ്യക്തമാക്കാമോ ? | (സി) ഇപ്പോൾ പരിഗണനയിലില്ല |

Bijumon

സെക്ഷൻ ഓഫീസർ